**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1635** **28-07-2021 - ൽ മറുപടിയ്ക്ക്**

**വിവിധ വിഭാഗം റേഷൻകാർഡുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | അന്ത്യോദയ അന്ന യോജന, മുൻഗണന, പൊതുവിഭാഗം സബ്സിഡി, പൊതുവിഭാഗം എന്നീ വിഭാഗങ്ങളിലോരോന്നിലും നിലവിലുള്ള റേഷൻകാർഡുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് നാലു വിഭാഗങ്ങളിലായുള്ള റേഷൻ കാർഡുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. ഇനം - എണ്ണം എ.എ.വൈ - 592987 മുൻഗണന - 3305770 മുൻഗണനേതര സബ്സിഡി - 2497910 മുൻഗണനേതര നോൺ സബ്സിഡി - 2648757 |
| (ബി) | കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ മേൽപറഞ്ഞ വിഭാഗങ്ങളിലോരോന്നിലും നിലവിലുള്ള റേഷൻകാർഡുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (ബി) | കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള റേഷൻ കാർഡുകളുടെ എണ്ണം താഴെപ്പറയുംപ്രകാരമാണ്. ഇനം - എണ്ണം എ.എ.വൈ - 17313 മുൻഗണന - 108545 മുൻഗണനേതര സബ്സിഡി - 73383 മുൻഗണനേതര നോൺ സബ്സിഡി - 79894 |
| (സി) | പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ ഉൾപ്പെട്ട റേഷൻകാർഡ് ഉടമകൾ നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്ക് അർഹരാണെന്ന് വിശദമാക്കാമോ? | (സി) | പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡിലെ ഒരു അംഗത്തിന് പ്രതിമാസം 4 രൂപ നിരക്കിൽ 2 കി.ഗ്രാം അരി, ലഭ്യതയ്ക്കനുസരിച്ച് കാർഡ് ഒന്നിന് കിലോഗ്രാമിന് 17 രൂപ നിരക്കിൽ 1 കി.ഗ്രാം മുതൽ 4 കി.ഗ്രാം വരെ ആട്ട എന്നിവ ലഭിക്കുന്നതാണ്. കൂടാതെ വൈദ്യുതീകരിക്കപ്പെട്ട വീട്ടുകളിലെ റേഷൻ കാർഡിന് മൂന്ന് മാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീട്ടുകളിലെ കാർഡിന് മൂന്ന് മാസത്തിലൊരിക്കൽ 8 ലിറ്റർ മണ്ണെണ്ണയും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ